(സി) എല്ലാ ആക്ടുകളുടേയും മലയാള പരിഭാഷ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) 11-ാം കേരള നിയമസഭ പാസ്സാക്കി പ്രസിദ്ധീകരിച്ചതും ഇതുവരെ മലയാളത്തിൽ പരിഭാഷ നടത്തി പ്രസിദ്ധീകരിച്ചതുമായ ആക്ടുകളുടെ പകർപ്പുകൾ ഇതോടൊപ്പം വയ്ക്കുന്നു.*

പബ്ലിക് നോട്ടറിമാരുടെ നിയമനം

40 (2798) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പബ്ലിക് നോട്ടറിമാരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) ഇപ്പോൾ കേരളത്തിൽ ആകെ എത്ര നോട്ടറിമാരാണ് ഉള്ളത് ;

(സി) പുതുതായി നോട്ടറിമാരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ ആയത് എന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 9-5-2001 മുതൽ നോട്ടറിമാരുടെ എണ്ണത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ ആകെ 787 നോട്ടറിമാരാണുള്ളത്.

(സി) ഉണ്ട്. 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ 8 (4എ) ചട്ടപ്രകാരം കേരള സർക്കാരിന് എല്ലാ ജില്ലകളിലും കൂടി നിയമിക്കാവുന്ന നോട്ടറിമാരുടെ എണ്ണം 375 മാത്രമാണ്. നോട്ടറിമാരുടെ എണ്ണം 375-ലേക്ക് കുറയ്ക്കേണ്ടതായിട്ടുണ്ട്. ഇക്കാരണത്താൽ പുതുതായി നോട്ടറിമാരെ നിയമിക്കുവാൻ സാധിക്കുന്നില്ല.

ലീഗൽ അസിസ്റ്റന്റ് നിയമനത്തിന്റെ നടപടിക്രമങ്ങൾ

41 (2799) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(ബി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly